LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) Issue of Licences for Drawing sweet toddy (Neera) Rules (1) പ്രകാരം, നീര ഉല്പാദിപ്പിക്കുന്നതിന്, കെ.എസ്.ബി.സി.-ക്കും bonafide jaggery tappers-നും മാത്രമേ ലൈസൻസ് നല്കാൻ വ്യവസ്ഥയുള്ളൂ. കൂടാതെ, Rules for the Manufacture of jaggery പ്രകാരം, bonafide jaggery tappers-ന് jaggery ഉല്പാദിപ്പിക്കുന്നതിന് ലൈസൻസ് നല്കാൻ വ്യവസ്ഥയുണ്ട്. മറ്റ് കർഷകർക്ക് Neera, Jaggery എന്നിവ തെങ്ങിൽ നിന്നും പനയിൽ നിന്നും ഉല്പാദിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസം**

132 (133) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ താലൂക്കിൽ ലേലത്തിൽ പോകാത്ത എത്ര കള്ള് ഷാപ്പുകളുണ്ട് ;

(ബി) തന്മൂലം എത്ര തൊഴിലാളികൾക്കാണ് ജോലി നഷ്ടപ്പെട്ടിട്ടുള്ളത് ;

(സി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനഃരധിവാസം സംബന്ധിച്ച എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 20 എണ്ണം.

(ബി) 58 അബ്കാരി തൊഴിലാളികൾക്കും, 133 ചെത്ത് തൊഴിലാളികൾക്കും ജോലി നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) അടഞ്ഞു കിടക്കുന്ന കള്ളുഷാപ്പുകളുടെ നടത്തിപ്പ്, തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുന്നതിനുള്ള ഉത്തരവ് നല്കിയിട്ടുണ്ട്. ഇത്തരത്തിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുമ്പോൾ ഷാപ്പൊന്നിന് 500 രൂപ റെന്റലായും, തൊഴിലാളികളുടെ വേതനം, വെൽഫയർ ഫണ്ട് എന്നിവ അഡ്വാൻസായി അടയ്ക്കുന്നതിൽ നിന്നും വൃക്ഷക്കരം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.